അവതാരിക

പുതുമയുള്ള രസികൻ പഠനം

ബംഗാളി നോവലുകളുടെ മലയാളവിവർത്തനത്തെക്കുറിച്ചുള്ള ഡോ. ജയാസുകുമാരന്റെ പഠനഗ്രന്ഥം പലതരം പുതുമകളുള്ളതാണ്. ഇവിടെ വിവർത്തനപഠനം സാഹിത്യപഠനവും സംസ്കാരപഠനവുമായി വികസിക്കുന്നു.

ബംഗാളിയും മലയാളവും തമ്മിലുള്ള വിവർത്തനബന്ധം ഒറ്റനോട്ടത്തിൽ തിരിച്ചറിയാവുന്നതാണെങ്കിലും അതിന്റെ തോതും തരവും ഇതാദ്യമായിട്ടാണു ശാസ്ത്രീയപഠനത്തിനു വിധേയമാകുന്നത്. രണ്ടു ഭാഷകൾ/സാഹിത്യങ്ങൾ തമ്മിലുള്ള ബന്ധത്തെ 'സ്വാധീന'മായി വിവരിക്കുന്ന പതിവുവിട്ടു വിവർത്തനപഠനത്തിന്റെ ആശയാവലികളിൽ ചിട്ടപ്പെടുത്തി ഗത്യാത്മകമായി പഠിക്കുന്നതാണ് ഈ ഗ്രന്ഥം. ആ നിലയ്ക്കു മലയാളഭാഷയിലെ ബംഗാളി നോവൽസാഹിത്യസാന്നിധ്യം തത്ത്വനിഷ്ഠമായി താരതമ്യസാഹിത്യമാതൃകയിൽ പഠിക്കുകയാണ് ഗ്രന്ഥകാരി. തത്ത്വനിഷ്ഠമായ ഗവേഷണം മലയാളത്തിൽ വിരളമാണ്, അതും സാഹിത്യകാര്യങ്ങളിൽ. താരതമ്യസാഹിത്യമണ്ഡലം പൊതുവേ സൈദ്ധാന്തികവറുതിയിലാണുതാനും.

എന്താണ് സൈദ്ധാന്തികത എന്നു ചോദിക്കുന്നവരുണ്ടാകും. പഠനം ശാസ്ത്രീയവും തത്ത്വനിഷ്ഠവുമാകണമെങ്കിൽ അതിന്റെ ആശയപരിസരവും പഠനരീതിയും വ്യക്തമാക്കണം. ഒരേകാര്യം, ഒരേവസ്തു വ്യത്യസ്ത ആശയാവലികളിൽ വ്യത്യസ്ത അറിവുകളാണ് ഉൽപ്പാദിപ്പിക്കുന്നത്. പഠനരീതി (method) മാറിയാൽ സത്യം (truth) മാറും എന്നതു ശാസ്ത്രസത്യമാണ്. സംശയം തോന്നുന്നവർ ഹാൻസ് ജോർജ് ഗദാമറിന്റെ Truth and Method (1975/2005) എന്ന വിശ്രുതഗ്രന്ഥം വായിക്കുക. അതുകൊണ്ട് 'സത്യം പലതരം' എന്നു പറയാൻ സൈദ്ധാന്തികൻ നിർബന്ധിതനാകുന്നു. ടോളമിയും കോപ്പർനിക്കസും ന്യൂട്ടണും ഐൻസ്റ്റൈനും

ഹൗക്കിങ്ങും പ്രപഞ്ചത്തെക്കുറിച്ചു സ്വരൂപിച്ചു നൽകിയ അറിവുകൾ വ്യത്യസ്തങ്ങളാകുന്നത് അവരുടെ ആശയാവലികളി(paradigms)ലെ വ്യത്യാസംകൊണ്ടാണ്. അതുകൊണ്ട് ശാസ്ത്രീയപഠനം ആശയാവലികളും പഠനച്ചിട്ടയും തെളിച്ചുകാട്ടുന്നതാകണം. ഭാഷ, കൊള്ളൽകൊടുക്കലുകൾ, വിവർത്തനം, സാഹിത്യസംവേദനം എന്നിവയെക്കുറിച്ചുള്ള ആശയാവലികൾ വ്യക്തമാക്കിയാലേ ബംഗാളിനോവൽവിവർത്തനങ്ങളെക്കുറിച്ചുള്ള പഠനം ശാസ്ത്രീയമാകൂ എന്നു ജയാസുകുമാരൻ തിരിച്ചറിയുന്നു. ഒപ്പം പരിഗണിക്കേണ്ട മറ്റൊരിനമാണ് സങ്കല്പന(concept)ങ്ങൾ. വിവർത്തനക്ഷമത, സമമൂല്യത തുടങ്ങിയ സങ്കല്പനങ്ങൾ പുനർവിവരിക്കുന്നതാണ് ജയയുടെ പഠനം. തത്ത്വനിഷ്ഠമായ പഠനത്തിന്റെ മൂന്നാമത്തെ ഘടകമാണ് സിദ്ധാന്തങ്ങൾ. വിവർത്തനത്തെക്കുറിച്ച് ഇരുപതാം നൂറ്റാണ്ടിലുണ്ടായ സൈദ്ധാന്തികവിപ്ലവത്തിന്റെ തരംഗങ്ങൾ ഈ ഗ്രന്ഥത്തിൽ അനുഭവിച്ചറിയാം. ഭാഷാശാസ്ത്രത്തിന്റെ പിൻബലത്തിലുണ്ടായ ഭാഷാകേന്ദ്രിതസിദ്ധാന്തങ്ങളിൽ അടിയുറച്ചുപോയിരിക്കുന്നു സമകാലിക മലയാള വിവർത്തനവിചാരം. ആധുനികതയുടെ സുനിശ്ചിതത്വത്തിന്റെ ബലത്തിലാണ് ഇവിടെ വിവർത്തനത്തെ ശാസ്ത്രീയമായി വിലയിരുത്തുന്നത്. സമകാലിക ഭൗതികശാസ്ത്രങ്ങൾപോലും (സ്റ്റീഫൻ ഹൗക്കിങ്ങിന്റെ *The Grand Design 2010* എന്ന ഗ്രന്ഥം പറയുന്നതുപോലെ) മായ(virtual)യാണ് പരമാർത്ഥ(reality)ത്തെക്കാൾ നമ്മുടെ വ്യവഹാരങ്ങളെ നിയന്ത്രിക്കുന്നത് എന്നു മനസ്സിലാക്കുന്നു. വിവർത്തനപഠനത്തിലുമുണ്ടായി ഇതിന്റെ അലയൊലികൾ. സമകാലിക വിവർത്തനവിചാരത്തിൽ പോസ്റ്റ്മോഡേൺ ആശയാവലികളും ദർശനങ്ങളും സ്വാധീനം ചെലുത്തുന്നു. കൃതികളുടെ കൊളോണിയൽ/കോളണിയനന്തര/സ്ത്രീവാദ വിവർത്തനങ്ങളെക്കുറിച്ച് ധാരാളം പഠനങ്ങൾ ലഭ്യമാണ്. ഭാഷയ്ക്കുള്ളിലെ വിവർത്തനം, ഭാഷകൾ തമ്മിലുള്ള വിവർത്തനം, ചിഹ്നവ്യവസ്ഥകൾ തമ്മിലുള്ള വിവർത്തനം എന്ന വർഗീകരണത്തിലൂടെ വിവർത്തനസങ്കല്പനംതന്നെ ബലൂൺപോലെ ഊതിവീർത്തു. സാഹിത്യകൃതി സിനിമയാകുന്നതും കവിത മോഹിനിയാട്ടമാകുന്നതും നോവൽ തിരക്കഥയാകുന്നതുമെല്ലാം വിവർത്തനപഠനത്തിന്റെ അതിർത്തിക്കുള്ളിലായി. വിവർത്തനപഠനത്തിൽ തോതിലും തരത്തിലുമുണ്ടായ സ്ഫോടനം മലയാളിക്കു പരിചയപ്പെടാൻ ഈ ഗ്രന്ഥം ഉപകരിക്കും. പുതുമകൾ ധാരാളമുണ്ടെന്നു സാരം. വിവർത്തനപഠനത്തിലെ പുതുമകളെല്ലാം ഒറ്റയടിക്കു ഒരു ഗ്രന്ഥത്തിലൊതുക്കാൻ നിവൃത്തിയില്ല. ഒരറ്റത്ത് യന്ത്രബുദ്ധി(artificial intelligence)ക്കു വേണ്ടിയുള്ള സാങ്കേതികവിദ്യ വികസിക്കുന്നതനുസരിച്ചു യന്ത്രവിവർത്തനസംരംഭവുമായി ഒരു സംഘം

മുന്നോട്ടുപോകുന്നു. മറ്റേ അറ്റത്തു മനുഷ്യന്റെ തലച്ചോറിനുള്ളിലെ ജ്ഞാനപ്രവർത്തനങ്ങൾ അപഗ്രഥിക്കാനുള്ള ജ്ഞാനശാസ്ത്ര(cognitive science) പ്രവർത്തനങ്ങൾ ഭാഷാപ്രവർത്തനത്തെ പുനർവിവരിച്ചു വിവർത്തനസങ്കല്പത്തെ മാറ്റിമറിക്കുന്നു. സങ്കല്പനഘടന ↑↓ വാക്യ ഘടന ↑↓ വർണ്ണഘടന എന്ന ത്രിതല കെട്ടുപണിയിൽ വിവർത്തനപ്രക്രിയ പുതിയ രീതിയിൽ അടയാളപ്പെടുകയാണ്. സമകാലിക സംസ്കാരപഠനമാകട്ടെ വിവർത്തനത്തെ ഒരു സങ്കലനമേഖലയായിട്ടാണ് കാണുന്നത്. പലതരം ചിഹ്നവ്യവസ്ഥകളുടെ ചന്തസ്ഥലം. ഇന്നത്തെ സംവേദനപഠനത്തിൽ ഒരു താക്കോൽവാക്കാണല്ലോ ഏകോപനം (convergence). പരസ്യങ്ങളുടെ ഘടനയിലും വിവർത്തനത്തിലും വ്യത്യസ്ത ചിഹ്നവ്യവസ്ഥകളുടെ ലീലാവിലാസം കാണാം. അറിവും സൗന്ദര്യശാസ്ത്രവും രാഷ്ട്രീയവും സാങ്കേതിക സംവേദനവിദ്യകളും കൂടിക്കലർന്നു വിവർത്തനം ഊർജ്ജസ്വലവും സങ്കീർണവുമാകുന്നു. ഇരുപതാം നൂറ്റാണ്ടിന്റെ അവസാനദശകങ്ങളിലെത്തുമ്പോൾ മാനവിക വിജ്ഞാനമേഖലയിൽ വിവർത്തനപഠനം താരതമ്യസാഹിത്യപഠനത്തിന്റെയും സാഹിത്യചരിത്രവിജ്ഞാനത്തിന്റെയും സംസ്കാരപഠനത്തിന്റെയും മർമ്മമായി മാറുന്നു. ഒപ്പം ജ്ഞാനശാസ്ത്രവിചാരങ്ങളിലും യന്ത്രബുദ്ധിപഠനസംരംഭങ്ങളിലും അത് ഇടം തേടുന്നു. അങ്ങനെ വിവർത്തനപഠനവിധേയമാകുന്ന പാഠങ്ങളിൽ ഏറിയകൂറും വിജ്ഞാനരേഖകളും വാണിജ്യരേഖകളുമാണ്. ഇന്നു നടക്കുന്ന വിവർത്തനങ്ങളിൽ തൊണ്ണൂറുശതമാനവും ഇത്തരത്തിലുള്ളതാണ്.

എങ്കിലും വിവർത്തനപഠനതല്പരരിൽ വലിയൊരു വിഭാഗം സാഹിത്യവിവർത്തനത്തിൽ അന്വേഷണം കേന്ദ്രീകരിക്കുന്നു. ഡോ. ജയാസുകുമാരനും ഇവിടെയാണു ശ്രദ്ധയർപ്പിക്കുന്നത്. ബംഗാളിയിൽനിന്നു മലയാളത്തിലെത്തിയ നോവലുകളുടെ പട്ടികയും വിവർത്തകരുടെ പേരുകളുമെല്ലാം അനുബന്ധത്തിലുണ്ട്. ഗ്രന്ഥത്തിനുള്ളിൽ *ആനന്ദമഠം*, *ആരണ്യക്*, *ആരോഗ്യനികേതനം* എന്നിവയുടെ വിശദമായ വിവർത്തനപഠനങ്ങൾ നിർവഹിച്ചിരിക്കുന്നു. ഗവേഷണ രീതിശാസ്ത്രത്തിൽ വിശദീകരണം, വ്യാഖ്യാനം എന്നിങ്ങനെ വിശേഷിപ്പിക്കാറുള്ള മർമ്മഭാഗങ്ങളാണിത്. പുതിയ തിരിച്ചറിവുകൾ രേഖാനിഷ്ഠമായി വെളിപ്പെടുത്തുന്നവയാണ് മൂന്നു നോവലുകളെക്കുറിച്ചുള്ള പഠനങ്ങൾ. *ആനന്ദമഠം* പോലെയുള്ള നോവലുകൾക്കു വ്യത്യസ്തകാലങ്ങളിലുണ്ടായ വിവർത്തനങ്ങൾ എങ്ങനെ പുതുപുത്തൻകൃതികളായി മാറി എന്ന അന്വേഷണം സാഹിത്യരസികരായ വായനക്കാരെ വിസ്മയഭരിതരാക്കും. ഇത്തരം രസികൻ തിരിച്ചറിവുകളാണ് പഠനത്തിന്റെ വിശിഷ്ടഫലങ്ങൾ.

മാനവികവിഷയങ്ങളിലെ ഗവേഷണത്തിന്റെ ലക്ഷ്യം ധാരണ വളർത്തുക എന്നതാണ്. വിവർത്തനത്തെക്കുറിച്ച് അറിവുകൾ പകരുക മാത്രമല്ല ധാരണ വളർത്തുകകൂടി ചെയ്യുന്നു ഡോ. ജയയുടെ ഗ്രന്ഥം. ഇതു മലയാളത്തിനു വിലപ്പെട്ട സംഭാവനതന്നെ.

ഈ കൃതിയിലൂടെ കടന്നുപോകുമ്പോൾ ഭാഷാശാസ്ത്രം, സാഹിത്യവിജ്ഞാനം, സാഹിത്യചരിത്രവിജ്ഞാനം, താരതമ്യസാഹിത്യവിജ്ഞാനം, സംവേദനപഠനം, സംസ്കാരപഠനം എന്നീ മണ്ഡലങ്ങളിലെ പുത്തൻ അറിവുകൾ പരിചയപ്പെടാൻ ഇടവരും. അതിനുള്ള മുന്നൊരുക്കം, പുതുമ കാണാനുള്ള കൗതുകം വായനക്കാർക്കുണ്ടാകണം. ഉദാഹരണത്തിനു മൂലപാഠം, ലക്ഷ്യപാഠം എന്നിവയെ വിപരീതജോടിയായി സങ്കല്പിച്ചുകൊണ്ടുള്ള സാമ്പ്രദായിക വിവർത്തനവിചാരത്തിനു ഇവിടെ സ്ഥാനമില്ല. പൂവു വിരിയുന്നതുപോലെ കൃതി കാലദേശങ്ങളിലൂടെയും മാധ്യമങ്ങളിലൂടെയും ഭാഷകളിലൂടെയും വളർന്നു വികസിക്കുകയാണ്. വിവർത്തനത്തെ ഇങ്ങനെ ജൈവികമായി നോക്കിക്കാണുമ്പോൾ മൂല്യനിർണയത്തിനു പരിശോധിക്കേണ്ടതു സമമൂല്യതയല്ല വ്യത്യാസങ്ങളാണ്. വ്യത്യാസങ്ങൾ എങ്ങനെ മൂല്യവർധനയായി പരിഗണിക്കാം? ദളിത് വിവർത്തനവും സ്ത്രീപക്ഷവിവർത്തനവും കോളണിയനന്തര വിവർത്തനവും മൂല്യവർധനയുള്ള പാഠാന്തരങ്ങളാണ്. പാഠാന്തരങ്ങൾ പരിമിതിയല്ല സമൃദ്ധിയാണ്. സമമൂല്യതയോടു ചേർത്തുപറയാറുള്ള വിശ്വസ്തത എന്ന സങ്കല്പനവും വിമർശനദൃഷ്ട്യാ പരിശോധിക്കണം. കൃത്യമായി പ്പറഞ്ഞാൽ വിമർശനപഠനം (critical study) എന്ന നിലയിലേക്കു മലയാളവിവർത്തനപഠനം വളർന്നതിന്റെ മാതൃകയാണ് ഡോ. ജയാസുകുമാരന്റെ കൃതി.

മലയാളിയുടെ വിവർത്തനവിചാരത്തെയും ഭാഷാസാഹിത്യപഠനത്തെയും പുതുവഴികളിലേക്കു നയിക്കാൻ ശക്തിയുള്ള ഈ കൃതി സാധാരണ വായനക്കാർക്കും സ്കൂൾ കോളജ് ഗവേഷണവിദ്യാർഥികൾക്കും അധ്യാപകർക്കും പ്രയോജനപ്പെടട്ടെ.

ഡോ. സ്കറിയാ സക്കറിയ

ഒക്ടോബർ 2, 2010